Reg. No.................................. (3 Pages) **K 6047**

Name..................................

## FOURTH SEMESTER B.A. DEGREE EXAMINATION, APRIL/MAY 2005

(Restructured Course)

Branch – Malayalam with Mass Communication

Part III – Core Subjects – Malayalam Language and Literature

Paper V – ദൃശ്യകലാസാഹിത്യം – A – നാടകം

(Prior to 2002 admissions)

Time : Three Hours Maximum : 50 marks

I. ഓരോന്നിനും ഒരു വാക്കിൽ/ഒരു വാക്യത്തിൽ ഉത്തരമെഴുതുക :

1. കൂടിയാട്ടം എന്നാൽ എന്ത് ?
2. കൂത്തിന് ഉപയോഗിക്കുന്ന മുഖ്യ വാദ്യം ഏത് ?
3. കാളിദാസൻ രചിച്ച നാടകങ്ങൾ ഏവ ?
4. A Doll's House - ലെ നായികയുടെ പേരെന്ത് ?
5. അരിസ്റ്റോട്ടിൽ രചിച്ച സാഹിത്യശാസ്ത്രഗ്രന്ഥം ഏത് ?
6. 'ഉയരുന്ന യവനിക' രചിച്ചത് ആര് ?
7. സമുദായ പരിഷ്കരണ ലക്ഷ്യത്തോടെ പ്രേംജി എഴുതിയ നാടകം ഏത് ?
8. 'മലയാള നാടക സാഹിത്യ ചരിത്രം' രചിച്ചത് ആര് ?
9. സി.എൻ. ശ്രീകണ്ഠൻനായർ രചിച്ച രാമായണ കഥാവലംബിയായ മൂന്നു നാടകങ്ങൾ ഏവ ?
10. കെ.പി. എ.സി. യുടെ മുഴുവൻ പേര് എന്ത് ?

(10 × ½ = 5 marks)

II. ഓരോന്നും ഒരു ഖണ്ഡികയിൽ (മുപ്പതു വാക്ക് ) കവിയാതെ **പത്തെണ്ണത്തിന്** ഉത്തരമെഴുതുക :

11. 'വിഷ്കംഭം' എന്നാൽ എന്ത് ?
12. ജൃംഭകാസ്ത്രങ്ങൾ കുശലവന്മാർക്കു സിദ്ധമായതെങ്ങനെ ?
13. "എന്തു ചെയ്യാം, ഭാഗ്യഹീനനായ എന്നെ ഇതിനാണല്ലോ നിയോഗിച്ചത് "– ഇങ്ങനെ ചിന്തിച്ചതാര് ? അതിനു കാരണമെന്ത് ?
14. ഡെൽഫി ക്ഷേത്രത്തിന്റെ പ്രത്യേകത എന്ത് ?
15. ഈഡിപ്പസ് തീബ്സിലെ രാജാവാകാനിടയാക്കിയ സംഭവം എന്ത് ?

Turn over

16. "ഇതാണെന്റെ അന്ത്യവാക്കുകൾ – എന്നന്നേയ്ക്കും "– ഇങ്ങനെ പറഞ്ഞതാര് ? അന്ത്യ വാക്കുകൾ എന്തായിരുന്നു ?

17. "പലഹാരത്തിനോടു ചോദിച്ചിട്ടാ പലഹാരം തിന്നുക" ? സന്ദർഭം വ്യക്തമാക്കുക.

18. "രക്ഷിയ്ക്കേണ്ടവർ ശിക്ഷിക്കാനാ ഭാവമെങ്കിൽ സാധുക്കളായ ഞങ്ങൾ എന്തു ചെയ്യും ? "– കാര്യം എന്ത് ?

19. "കഥകളിയിലെ സ്ത്രീപ്പാർട്ടു തന്നെയാണ് ഇതിന്നുദാഹരണം" – ഏതിന് ?

20. "ഒടുവിൽ അമ്മൂമ്മ അങ്ങേരുടെ കൂടെ തലയും മൊട്ടയടിച്ച് ഇറങ്ങിപ്പൊക്കളഞ്ഞില്ലേ "– ആര് , ആരുടെ കൂടെ ഇറങ്ങിപ്പോകുന്നതാണ് പ്രസ്തുതം ?

21. "നിങ്ങൾക്കും പേടിയാണോ? പേടിയുള്ളതിനെ പൂജിക്കണം" വക്താവാര് ? ആരെയൊക്കെ പൂജിച്ച കാര്യമാണ് തുടർന്ന് പറഞ്ഞത് ?

22. "ഞാൻ നിനക്ക് ഒരു ഉരുക്കു കോട്ടയും റഡാറും ബാലിസ്റ്റിക് മിസൈലുമായിരിക്കും" ആര്, ആർക്കാണ് ഇങ്ങനെയൊക്കെ ആകുന്നത് ?

(10 × 1 = 10 marks)

III. പത്തു ചോദ്യത്തിന് ഉത്തരമെഴുതുക. ഉത്തരമോരോന്നും ഒരു പുറത്തിൽ (നൂറു വാക്ക്) കവിയരുത് :

23. "ഇവിടെ കേവലം ദണ്ഡകാരണ്യമല്ല, ജനസ്ഥാനവുമാണ് "– വിവക്ഷിതം വ്യക്തമാക്കുക.

24. തെല്ലും മൺകട്ട ബിംബത്തിനെ വിമലമണി
യ്ക്കൊപ്പമായുൾഗ്രഹിക്കു-
ന്നില്ലവ്വണ്ണം ഫലംകൊണ്ടവരിരുവരുമാ-
യേറ്റവും ഭേദമുണ്ടാം"
– സ്വാരസ്യം വ്യക്തമാക്കുക.

25. ഉത്തരരാമ ചരിതത്തിലെ ലവൻ ക്ഷത്രിയവീര്യം പ്രകടിപ്പിച്ചു – വിശദമാക്കുക.

26. തിറേസിയാസിന്റെ സ്വഭാവം വ്യക്തമാക്കുക.

27. "നിങ്ങൾ അവരെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് എനിക്കറിയാം" – തെളിവെന്ത് ?

28. ലയൂസ് രാജാവ് കൊല്ലപ്പെട്ടതെങ്ങനെ ?

29. "മറ്റേതു നികൃഷ്ടജീവിയായും ജനിക്കാം. നമ്പൂതിരി സമുദായത്തിലെ അഫ്ഫനാവാൻ മാത്രം വയ്യ" – എന്തുകൊണ്ട് ?

30. "നായർ സമുദായമെന്നല്ല, എല്ലാവർക്കും മക്കത്തായവും ആളോഹരിഭാഗവും അത്യാവശ്യമാണ് " – വ്യക്തമാക്കുക.

31. "അന്യഥാ ചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേൽ"
– കുഞ്ചു ഇങ്ങനെ പ്രസ്താവിക്കാനിടയായ സാഹചര്യം എന്ത് ?

32. 'കലി'യിലെ വിപ്ലകാരിയുടെ സ്വഭാവം വിവരിക്കുക.

33. "ഞാൻ വാഗ്ദാനങ്ങളൊന്നും നൽകാറില്ല. അതുകൊണ്ടു വിശ്വാസ ലംഘനവും ഉണ്ടാകയില്ല"

– ഇവിടെ പ്രകടമാകുന്ന ഭാവം വ്യക്തമാക്കുക.

34. "നിങ്ങൾ കലിക്കു ബലിയർപ്പിച്ചവരുടെ കുടീരങ്ങളിൽ നിങ്ങളുടെ പേരു കൊത്തിയിട്ടില്ലേ ? ആ പേര് ഓർമ്മിപ്പിക്കും "– വിവക്ഷിതം എന്ത് ?

(10 × 2 ½ = 25 marks)

IV. മൂന്നു പുറത്തിൽ (മുന്നൂറു വാക്ക്) കവിയാതെ ഉത്തരമെഴുതുക :

35. "കരുണമൊരുരസം താൻ ഹേതുഭേദേന നാനാ-

പരിണതിയെ വഹിച്ചീടുന്നുതേ മാറി മാറി "

– ഈ പ്രസ്താവന 'ഉത്തരരാമചരിതം' നാടകത്തിനു ചേരുമോ എന്ന് പരിശോധിക്കുക.

**അല്ലെങ്കിൽ**

യവനനാടകങ്ങളിൽ കഥാനായകന് ദുരന്തം സംഭവിക്കുന്നത് അയാളുടെ സ്വഭാവ വൈകല്യം കൊണ്ടാവണമെന്നില്ല" – ഈ അഭിപ്രായത്തിന്റെ സാധുത്വം 'ഈഡിപ്പസി'നെ മുൻനിർത്തി നിർണ്ണയിക്കുക.

36. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് 'എന്ന നാടകം കേളപ്പൻ പറയുന്നതുപോലെ അക്കാലത്തെ ഒരു ആറ്റംബോംബായിട്ടാണ് പരിണമിച്ചത് – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

'തനതു നാടകവേദി'യുടെ സങ്കല്പങ്ങൾക്കൊത്തു രചിക്കപ്പെട്ട നാടകമാണ് 'കലി '– വിമർശിക്കുക.

(2 × 5 = 10 marks)